ടി.ഇ.എം റാഫി വടുതല

# പ്രവാചകശ്രേഷ്ഠന്റെ വിശിഷ്ടാനുഗ്രഹങ്ങൾ

عَنْ أَبِي هُرَيْرَةَ: أَنَّ رَسُولَ لله قَالَ: فُضِّلْتُ عَلَى الْأَنْبِيَاءِ بِسِتٍّ. أُعْطِيتُ جَوَامِعُ الْكَلِم،
وَنُصِرْتُ بِالرُّعْبِ، وَأُحِلَّتْ لِى الغَنَائِمُ، وَجُعِلَتْ لِى الْأَرْضُ مَسْجِدًا وَطَهُورًا، وَأُرْسِلْتُ
إِلَى الْخَلْقِ كَافَّةً وَ خُتِمَ بِى النَّبِيُّونْ. (مسلم 5748، ترمذى 1553)

**അബൂഹുറയ്റ ഉദ്ധരിക്കുന്നു: അല്ലാഹുവിന്റെ ദൂതൻ (സ) പറഞ്ഞു: "ഇതര പ്രവാചകന്മാരേക്കാൾ ആറു സംഗതികൾകൊണ്ട് എനിക്ക് മഹത്വം ലഭിച്ചിരിക്കുന്നു. എനിക്ക് സാരസമ്പൂർണമായ വചനങ്ങൾ നൽകപ്പെട്ടു. അക്രമികൾക്ക് ഭയം നൽകി ഞാൻ സഹായിക്കപ്പെട്ടു. യുദ്ധമുതലുകൾ എനിക്ക് അനുവദിക്കപ്പെട്ടു. ഭൂമി എനിക്ക് പള്ളിയും ശുചീകരണ വസ്തുവുമാക്കപ്പെട്ടു. സമസ്ത സൃഷ്ടികൾക്കും ദൂതനായി ഞാൻ നിയോഗിക്കപ്പെട്ടു. എന്നിലൂടെ പ്രവാചകപരമ്പര അവസാനിപ്പിക്കപ്പെട്ടു" (മുസ്ലിം 5748, തിർമിദി 1553).**

മനുഷ്യസമൂഹത്തിന്റെ സന്മാർഗത്തിനു വേണ്ടി അല്ലാഹു അവന്റെ അടിമകളിൽനിന്ന് തെരഞ്ഞെടുക്കുന്ന വിശിഷ്ട വ്യക്തികളാണ് പ്രവാചകന്മാർ. സത്യദീനിനെ പരിചയപ്പെടുത്തി സന്മാർഗത്തിലേക്ക് മനുഷ്യരെ ആനയിക്കുകയാണ് ആ മഹത്തുക്കളുടെ ദൗത്യം. അല്ലാഹുവിന് കീഴ്പ്പെടുക, ദൈവേതര ശക്തികളെ നിരാകരിക്കുക എന്ന സന്ദേശവുമായി എല്ലാ സമുദായങ്ങളിലേക്കും അല്ലാഹു ദൂതന്മാരെ നിയോഗിച്ചു. നിയമപ്രമാണമുൾക്കൊള്ളുന്ന ഗ്രന്ഥങ്ങളും ഏടുകളും നീതിയുടെ തുലാസും അമാനുഷിക ദൃഷ്ടാന്തങ്ങളും അവർക്ക് നൽകപ്പെട്ടു. അസംഖ്യം പ്രവാചകന്മാരിൽ ഇരുപത്തിയഞ്ച് പേരെ ഖുർആൻ പരാമർശിച്ചു. അവരിൽതന്നെ ചിലരെ സംക്ഷിപ്തമായും മറ്റു ചിലരെ സവിസ്തരമായും പരിചയപ്പെടുത്തി. നൂഹ്, ഇബ്റാഹീം, മൂസാ, ഈസാ, മുഹമ്മദ് എന്നിവർക്ക് 'ഉലുൽ അസ്മ്' (പരീക്ഷണങ്ങളിൽ ദൃഢനിശ്ചയത്തോടെ സഹനമവലംബിച്ചവർ) എന്ന പദവി നൽകി.

മുൻ പ്രവാചകന്മാർക്ക് നൽകാത്ത ആറ് സവിശേഷ അനുഗ്രഹങ്ങൾ തനിക്ക് ലഭിച്ചതായി മുഹമ്മദ് നബി (സ) ഈ ഹദീസിൽ പറയുന്നു. സാരസമ്പൂർണമായ വചനങ്ങൾ നൽകപ്പെട്ടു എന്നതാണ് ആദ്യത്തേത്. ലാളിത്യം നിറഞ്ഞ ഹ്രസ്വവചനങ്ങളിലൂടെ വിശാലമായ ആശയം പ്രകാശിപ്പിക്കുന്ന സമ്പൂർണ വേദഗ്രന്ഥം പ്രവാചകന് നൽകപ്പെട്ടു. സ്ഥൂലമായ പദപ്രയോഗങ്ങളില്ലാതെ, കുറഞ്ഞ വാക്കുകളിൽ സ്പഷ്ടമായ സൂക്തങ്ങളും നിയമങ്ങളും. ഭാഷാപരവും നിയമപരവും യുക്തിപരവുമായ അമാനുഷികത ഖുർആന്റെ പ്രത്യേകതയാണ്. 'ഈ വേദഗ്രന്ഥത്തിൽ യാതൊരു സംശയവുമില്ല' എന്നാണ് ഖുർആന്റെ പ്രഥമ പ്രഖ്യാപനം. ഈ ഖുർആനിനു സമാനമായ ഒരധ്യായമെങ്കിലും കൊണ്ടുവരാൻ ജിന്ന്-മനുഷ്യവർഗങ്ങളെ വെല്ലുവിളിച്ചുകൊണ്ടാണ് അന്ത്യദിനം വരെയും അതിന്റെ പ്രയാണം. യുക്തിഭദ്രമായ നിയമങ്ങൾ ഉൾക്കൊള്ളുന്ന വിശുദ്ധ ഖുർആനും അതിലെ പ്രാരംഭ അധ്യായത്തിലെ ആവർത്തിച്ചോതുന്ന ഏഴ് സൂക്തങ്ങളും പ്രവാചകന് മാത്രം സ്വന്തമായ അനുഗ്രഹം തന്നെ; ''ആവർത്തിച്ച് പാരായണം ചെയ്യുന്ന ഏഴു സൂക്തങ്ങൾ നിനക്ക് നാം നൽകിയിട്ടുണ്ട്. മഹത്തായ ഈ ഖുർആനും'' (*അൽഹിജ്ർ* 87). ''നാം നിനക്ക് ഈ വേദപുസ്തകം ഇറക്കിത്തന്നിരിക്കുന്നു. ഇതിൽ സകല സംഗതികൾക്കുമുള്ള വിശദീകരണമുണ്ട്. കീഴ്പ്പെട്ട് ജീവിക്കുന്നവർക്ക് സന്മാർഗദർശനവും കാരുണ്യവും ശുഭവൃത്താന്തവുമാണിത്'' (*അന്നഹ്ൽ* 29).

അക്രമികളുടെ ഹൃദയങ്ങളിൽ പ്രവാചകനെ സംബന്ധിച്ച ഭീതി നിറക്കപ്പെട്ടതാണ് മുഹമ്മദ് നബി(സ)ക്ക് അല്ലാഹു നൽകിയ രണ്ടാമത്തെ സവിശേഷത. ഒരു യാത്രക്കാരന് ഒരു മാസക്കാലം സഞ്ചരിക്കാവുന്ന ദൂരദൈർഘ്യത്തിനപ്പുറമാണ് പ്രവാചകനുള്ളതെങ്കിൽ പോലും അക്രമികളുടെ ഹൃദയത്തിൽ പ്രവാചകനെ സംബന്ധിച്ച ഭീതി നിറയുമായിരുന്നു. അനാഥക്കുട്ടിയുടെ അവകാശസംരക്ഷണത്തിനു വേണ്ടി അബൂജഹ്ലിന്റെ അടുത്ത് ചെന്ന പ്രവാചകനെ സംബന്ധിച്ച് അബൂജഹ്ൽ തന്നെ പറഞ്ഞത് മുഹമ്മദിന്റെ ഇരു ചുമലുകളിലും എന്നെ കടിച്ചുകീറാൻ വരുന്ന രണ്ട് സിംഹങ്ങളെയാണ് ഞാൻ കണ്ടത് എന്നാണ്. പ്രവാചകനെ സംബന്ധിച്ച് ശത്രുവിനുണ്ടായിരുന്ന ഭീതി പല യുദ്ധവിജയങ്ങൾക്കും പ്രേരകമായിട്ടുണ്ട്.

പ്രവാചകന്റെ കാലശേഷം ദൈവിക ദീനിനെ മുറുകെപ്പിടിച്ച ഉത്തമ നൂറ്റാണ്ടിലും ഇസ്ലാമിക സമൂഹത്തിന് ഈ ദൈവികാനുഗ്രഹം ലഭിച്ചിട്ടുണ്ട്. ഭൂഖണ്ഡങ്ങളിലൂടെ ഇസ്ലാം ജൈത്രയാത്ര നടത്തിയതിനും റോമാ-പേർഷ്യൻ സാമ്രാജ്യങ്ങൾ ഇസ്ലാമിക സമൂഹത്തിന്റെ കൊടിക്കീഴിൽ വന്നതിനും ഈ അനുഗ്രഹം തന്നെ കാരണം. ഇസ്ലാമിനെ അവഗണിച്ചും പ്രവാചകജീവിതത്തെ നിരാകരിച്ചും ജീവിക്കുന്ന ഒരു സമുദായത്തിന് അവരുടെ അറബിപേരുകൾകൊണ്ടു മാത്രം ഈ അനുഗ്രഹം ലഭിക്കുകയില്ല.

യുദ്ധമുതൽ മുൻകഴിഞ്ഞ സമുദായങ്ങൾക്ക് അനുവദനീയമായിരുന്നില്ല. അത് യുദ്ധക്കളങ്ങളിൽ ഹോമിക്കപ്പെട്ട് നശിച്ചുപോവുകയായിരുന്നു പതിവ്. യുദ്ധം അനുവദിക്കപ്പെടാത്ത പ്രവാചകസമുദായങ്ങൾ കഴിഞ്ഞുപോയിട്ടുണ്ട്. യുദ്ധത്തിന് അനുമതി ലഭിച്ചവർക്കുതന്നെയും പരാജിതരുടെ മുതൽ എടുക്കാൻ അനുവാദമുണ്ടായിരുന്നില്ല. ശരീരവും സമ്പത്തും ദൈവമാർഗത്തിൽ സമർപ്പിച്ച മുഹമ്മദ് നബി(സ)യുടെയും സഹാക്കളുടെയും സത്യസന്ധതക്കുള്ള അംഗീകാരമാണ് ഈ സവിശേഷ അനുഗ്രഹം.

വിശ്വാസിയുടെ ജീവിതത്തിന്റെ കാമ്പും കാതലുമാണ് പ്രാർഥന. അതാകട്ടെ ഇബാദത്തിന്റെ മജ്ജയും. അഞ്ച് നേരത്തെ നമസ്കാരം ദൈവസമർപ്പണത്തിന്റെ താഴ്മ നിറഞ്ഞ ആകാശാരോഹണവുമാണ്. നമസ്കാരത്തിനു സമയമായാൽ മുസ്‌ലിം സമുദായത്തിന് പള്ളിയില്ലാത്തതിന്റെ പേരിലും അംഗശുദ്ധി വരുത്താൻ വെള്ളമില്ലാത്തതിന്റെ പേരിലും നമസ്കാരത്തിന് തടസ്സം നേരിടുകയില്ല; കാരണം പ്രവാചകന്നും ഈ സമുദായത്തിനും ഭൂമിതന്നെ പള്ളിയും ശുചീകരണവസ്തുവുമാണ്. മുൻകഴിഞ്ഞ പ്രവാചക സമുദായങ്ങൾക്ക് പ്രത്യേകം സജ്ജമാക്കിയ പ്രാർഥനാമണ്ഡപങ്ങളിൽ മാത്രമേ ആരാധന അനുവദിച്ചിരുന്നുള്ളൂ, വെള്ളം കൊണ്ടുള്ള അംഗശുദ്ധിക്ക് മാത്രമേ അംഗീകാരമുണ്ടായിരുന്നുള്ളൂ. എന്നാൽ മാലിന്യമില്ലാത്ത ഭൂമി നമസ്കാരത്തിനും വിശുദ്ധ മണ്ണ് തയമ്മുമിനും പ്രവാചക സമുദായത്തിന് ഖുർആൻ അനുവദിച്ചു.

"വിശ്വസിച്ചവരേ, നിങ്ങൾ ലഹരിബാധിതരായി നമസ്കാരത്തെ സമീപിക്കരുത്. നിങ്ങൾ പറയുന്നതെന്തെന്ന് നിങ്ങൾക്ക് നല്ല ബോധ്യമുണ്ടാകുംവരെ. ജനാബത്തുകാരനെങ്കിൽ കുളിച്ച് ശുദ്ധിവരുത്തുന്നതു വരെയും. വഴിയാത്രക്കാരനാണെങ്കിലല്ലാതെ. അഥവാ നിങ്ങൾ രോഗികളാവുകയോ യാത്രയിലാവുകയോ ചെയ്തു. അല്ലെങ്കിൽ നിങ്ങളിലൊരാൾ വിസർജനം കഴിഞ്ഞുവന്നു. അതുമല്ലെങ്കിൽ സ്ത്രീകളുമായി സംസർഗം നടത്തി. എന്നിട്ട് വെള്ളം കിട്ടിയതുമില്ല. എങ്കിൽ ശുദ്ധിയുള്ള മണ്ണ് ഉപയോഗിക്കുക. അതുകൊണ്ട് നിങ്ങളുടെ മുഖവും കൈകളും തടവുക. തീർച്ചയായും അല്ലാഹു ഏറെ മാപ്പേകുന്നവനും പൊറുക്കുന്നവനുമാണ്" (*അന്നിസാഅ്* 43).

മുൻകഴിഞ്ഞ പ്രവാചകന്മാർ അതത് കാലഘട്ടത്തിലെ ജനസമൂഹങ്ങളിലേക്കു മാത്രം നിയോഗിക്കപ്പെട്ടവരായിരുന്നു. സാർവലൗകികവും സർവകാലത്തേക്കുമുള്ള ഒരു ദർശനം അവർക്ക് നൽകപ്പെട്ടിരുന്നില്ല. എന്നാൽ മുഹമ്മദ് നബി(സ) തന്റെ പ്രവാചകനിയോഗം മുതൽ ലോകാവസാനം വരെയുള്ള മനുഷ്യർക്ക് അഖിലവും അനുഗ്രഹമായി നിയോഗിതനായി. ശാന്തിയും സമാധാനവും നൽകുന്ന സമ്പൂർണ ദർശനവുമായാണ് തിരുനബി(സ)യുടെ നിയോഗം: ‘‘പറയുക: മനുഷ്യരേ, ഞാൻ നിങ്ങളിലെല്ലാവരിലേക്കുമുള്ള, ആകാശഭൂമികളുടെ അധിപനായ അല്ലാഹുവിന്റെ ദൂതനാണ്. അവനല്ലാതെ ദൈവമില്ല. അവൻ ജീവിപ്പിക്കുകയും മരിപ്പിക്കുകയും ചെയ്യുന്നു. അതിനാൽ നിങ്ങൾ അല്ലാഹുവിൽ വിശ്വസിക്കുക. അവന്റെ ദൂതനിലും. അഥവാ നിരക്ഷരനായ പ്രവാചകനിൽ. അദ്ദേഹം അല്ലാഹുവിലും അവന്റെ വചനങ്ങളിലും വിശ്വസിക്കുന്നു. നിങ്ങൾ അദ്ദേഹത്തെ പിൻപറ്റുക. നിങ്ങൾ നേർവഴിയിലായേക്കാം" (*അൽ അഅ്റാഫ്* 158).

ആദം നബി (അ) മുതൽ ആരംഭിച്ച പ്രവാചക പരമ്പര മുഹമ്മദ് നബി (സ) വരെയും അനുസ്യൂത പ്രവാഹമായി തുടരുകയായിരുന്നു. ഓരോ പ്രവാചകനു ശേഷവും മറ്റൊരു പ്രവാചകനെ അല്ലാഹു നിയോഗിച്ചു. പ്രവാചകത്വപരമ്പരയെ നബി (സ) ഒരു സുന്ദരമായ വീടിനോടാണ് ഉപമിച്ചത്. ജനങ്ങൾ പ്രദക്ഷിണം വെക്കുകയും രൂപഭംഗിയിൽ വിസ്മയം കൊള്ളുകയും ചെയ്യുന്ന ഭവനം. ഒരു മൂലക്കല്ലിന്റെ ഭാഗം മാത്രം ആ മനോഹരഭവനത്തിൽ വിട്ടുകളഞ്ഞിരിക്കുന്നു. എന്തുകൊണ്ടാണ് ആ കല്ല് വെക്കാതിരുന്നത് എന്ന് ജനങ്ങൾ ചോദിച്ചുകൊണ്ടിരുന്നു. ‘ഞാനത്രെ ആ മൂലക്കല്ല്. ഞാനത്രെ അന്ത്യപ്രവാചകൻ’ എന്ന് പ്രവാചകൻ മറുപടി പറഞ്ഞു.

‘‘മുഹമ്മദ് നബി നിങ്ങളിലെ പുരുഷന്മാരിലാരുടെയും പിതാവല്ല. മറിച്ച് അദ്ദേഹം അല്ലാഹുവിന്റെ ദൂതനാണ്. ദൈവദൂതന്മാരിൽ അവസാനത്തെയാളും. എല്ലാ കാര്യങ്ങളെ സംബന്ധിച്ചും നന്നായി അറിയുന്നവനാണ് അല്ലാഹു" (*അൽ അഹ്സാബ്* 40).

നബി (സ) പറഞ്ഞു: "ഇസ്റാഈൽ സമുദായത്തെ പ്രവാചകന്മാരാണ് ഭരിച്ചിരുന്നത്. ഓരോ പ്രവാചകനും മരിക്കുമ്പോൾ തൽസ്ഥാനത്ത് മറ്റൊരു പ്രവാചകൻ പ്രതിനിധിയായി വരും. എന്നാൽ എന്റെ ശേഷം പ്രവാചകരില്ല തന്നെ. ഖലീഫമാരായിരിക്കും ഉണ്ടായിരിക്കുക" (*ബുഖാരി*).

മറ്റു പ്രവാചകന്മാരേക്കാൾ അല്ലാഹു മുഹമ്മദ് നബി സ)ക്ക് നൽകിയ സവിശേഷ അനുഗ്രഹങ്ങളെ പ്രത്യേകം പരാമർശിച്ചിരിക്കുകയാണ് തുടക്കത്തിൽ ഉദ്ധരിച്ച ഹദീസിൽ. ഈ വിശിഷ്ടമായ അനുഗ്രഹത്തിനു പകരം താൻ അല്ലാഹുവിനോട് കൂടുതൽ കടപ്പെട്ടിരിക്കുന്നു എന്നും മറ്റു സമുദായങ്ങളേക്കാൾ മുസ്‌ലിം സമുദായം കൂടുതൽ നന്ദി രേഖപ്പെടുത്തേണ്ടതുണ്ടെന്നും ഓർമപ്പെടുത്തുകയാണ് പ്രവാചകൻ. മുസ്‌ലിം സമുദായത്തിന്റെ മനസ്സിൽ മുഹമ്മദ് നബി(സ)യുമായുള്ള ബന്ധം രൂഢമൂലമാക്കുകയും പ്രവാചകസന്ദേശം മുറുകെപ്പിടിക്കാനുള്ള ആത്മവിശ്വാസവും പ്രചോദനവും അവർക്ക് പകർന്നുനൽകുകയും ചെയ്യുന്നു ഈ ഹദീസ്. പ്രവാചകനിയോഗത്തിന്റെ വ്യാപ്തിയും അവിടുന്ന് മുസ്‌ലിം സമുദായത്തെ ഏൽപ്പിച്ച ദൗത്യത്തിന്റെ മഹത്വവും സമ്പൂർണതയും സാർവലൗകികതയും ഉദ്ഘോഷിക്കുന്നു. പ്രവാചകന് ലഭിച്ച ഈ സവിശേഷ അനുഗ്രഹങ്ങളെ സംബന്ധിച്ച പ്രസ്താവന ദുരഭിമാനമോ പൊങ്ങച്ചമോ അല്ലെന്നും അല്ലാഹു നൽകിയ അനുഗ്രഹങ്ങളെ എടുത്തുപറഞ്ഞ് അവനെ കൂടുതൽ സ്തുതിക്കുക മാത്രമാണ് ഉദ്ദേശ്യമെന്നും പ്രവാചകൻ വ്യക്തമാക്കിയതായി ഇബ്നു അബ്ബാസ് ഉദ്ധരിക്കുന്നു. മുഹമ്മദ് നബി (സ) അത്തരം വിചാരങ്ങളിൽനിന്നെല്ലാം എത്രയോ ഉദാത്ത സ്വഭാവത്തിനുടമയാണ്. "നീ മഹത്തായ സ്വഭാവത്തിനുടമ തന്നെ, തീർച്ച" (*അൽഖലം* 4). ●